## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - ആര്യാട് ഗ്രാമപഞ്ചായത്ത് - 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയ 42,999/-(നാൽപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.259/17/തസ്വഭവ. തിരുവനന്തപുരം, തീയതി: 30.01.2017

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 18/04/2016-ലെ എം3-9945/2016 നമ്പർ കത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14/11/2016-ലെ കെ.എസ്.എ 6228/പി.റ്റി1/2016 നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന് 2002-03 വർഷം പദ്ധതി വിഹിതമിനത്തിൽ ലഭ്യമായ 45,00,000/-രൂപയുടെ ഒരു ശതമാനമായ 45,000/- രൂപയാണ് പദ്ധതി നിർവ്വഹണ ചെലവുകൾക്കായി തൻവർഷം വിനിയോഗിക്കാമായിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി തനത് ഫണ്ടിൽ നിന്നും 87,999/- രൂപ ചെലവഴിച്ചത് വഴി അധികം ചെലഴിച്ച 42,999/-രൂപാ 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 04/08/2015-ലെ IV (1)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് 42,999/-രൂപ അധികമായി ചെലവഴിച്ചതെങ്കിലും സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 2002-03 വർഷത്തെ 'പദ്ധതി നിർവ്വഹണ ചെലവ് പ്രോജക്ടിന്' 60,000/-രൂപ പ്ലാൻ ഫണ്ടും 40,000/-രൂപ തനത് ഫണ്ടും ഉൾപ്പടെ 1,00,000/-രൂപ അടങ്കൽ ഉള്ള പ്രൊജക്ടിനാണ് ഡിപിസി അംഗീകാരം നൽകിയിരുന്നതെന്നും, 06/06/2002-ലെ ജി.ഒ.(എം.എസ്) 20/02 പ്രകാരം അഞ്ചു വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കണമെന്നുള്ള നിർദ്ദേശ പ്രകാരം, ഫോട്ടോ കോപ്പി മെഷീൻ ഇല്ലാതിരുന്ന സാഹചര്യത്തിൽ അഞ്ച് വർഷത്തേയ്ക്കുള്ള പ്രൊജക്ട് പെർഫോർമകൾ, കരട് പദ്ധതി രേഖ, ഗ്രാമസഭാ നോട്ടീസ്, ഫോറങ്ങൾ മുതലായവ പുറത്തുനിന്നും എടുക്കേണ്ടി വന്നതിനാലാണ് ഇതുമായി ബന്ധപ്പെട്ട ചെലവുകൾ വർദ്ധിച്ചതെന്നും, കൂടാതെ ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ തുടങ്ങിയവയ്ക്ക് വൻജന പങ്കാളിത്തം ഉണ്ടായതിനാൽ ഇതുമായി ബന്ധപ്പെട്ടും അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടെന്നും, രേഖകൾ പരിശോധിച്ച് ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ വിശദീകരണം, പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയ 42,999/- രൂപയുടെ (നാൽപത്തി രണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് രൂപ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി.
അണ്ടർ സെക്രട്ടറി

:

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, ആലപ്പുഴ
സെക്രട്ടറി, ചിറക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ